**പാഠം 10** **മാർച്ച് 3-9**

# കാര്യവിചാരകത്വത്തിന്റെ പങ്ക്

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്: കൊലൊ. 1: 16-18; എബ്രാ. 4: 14-16; 3 യോഹ. 3; ഉല്പ. 6:13-18; വെളി. 14:6-12; 1 പത്രൊ. 1: 15-16.**

**മനഃപാഠവാക്യം: "ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനത്രേ വിളിച്ചത്" (1 തെസ്സ. 4:7).**

കാര്യവിചരാകത്വം എന്ന വിഷയത്തിന്റെ ആഴവും പരപ്പും മൂലം അതിന്റെ ബൃഹത്വത്തിൽ മുങ്ങിയും സ്പർശ രേഖയിൽ താണും മുഖ്യ വിഷയത്തിൽനിന്നും വഴി തെറ്റി പോകുവാൻ എളുപ്പമാണ്. കാര്യവിചാരകത്വം ലളിതവും എന്നാൽ സങ്കീർണ്ണവുമാകയാൽ ഏറ്റം എളുപ്പത്തിൽ തെറ്റിദ്ധരിക്കപ്പെടാം. എന്നിരുന്നാലും ക്രിസ്ത്യാനിക്കോ സഭക്കോ അത് കൂടാതെ നിലനില്ക്കുവാനോ പ്രവർത്തിക്കുവാനോ കഴിവുള്ളതല്ല. ക്രിസ്ത്യാനി ആയിരിക്കുക എന്നാൽ നല്ല കാര്യവിചാരകനായിരിക്കുക എന്നും കൂടെയാണ് അർത്ഥം.

"ഇതൊരു സിദ്ധാന്തമോ തത്വശാസ്ത്രമോ അല്ല, പിന്നയോ കർമ്മപദ്ധതിയുടെ കാര്യക്രമമാണ്. വാസ്തവത്തിൽ ഇത് ക്രിസ്ത്യാനിയുടെ ജീവിതനിയമമാണ്. ജീവിതത്തെ മതിയായി മനസ്സിലാക്കണമെങ്കിൽ ഇതാവശ്യമാണ്. ശരിയായ അദ്ധ്യാത്മിക അനുഭവത്തിന് ഇത് അത്യന്താപേക്ഷിതമാണ്. വെറും ഒരു സമ്മതത്തിന്റെ മാത്രം പ്രശ്നമല്ലിത്, ജീവിതത്തിന്റെ മുഴുവൻ ചുറ്റളവിനെയും സ്പർശിക്കുന്ന മനസ്സിന്റെ വ്യക്തവും നിർണ്ണായകവുമായ തീരുമാനമാണ്." Stewardship Le Roy, P 5.

ക്രിസ്തീയ കാര്യവിചാരകനായിരിക്കുക എന്നതിന്റെ കാതലായ പ്രമാണം എന്താണ്? ക്രിസ്തീയ ജീവിതത്തിൽ കാര്യവിചാരകത്വത്തിനുള്ള ധർമ്മങ്ങളെക്കുറിച്ച് ഈയാഴ്ച നമുക്ക് ചിന്തിക്കാം. ഒരു രഥത്തിന്റെ ചക്രത്തിനോടുപമിക്കാവുന്ന മനോഹരവും രസകരവുമായ ഒരു സാദൃശ്യത്തിലൂടെ ആയിരിക്കും നാം അത് ചെയ്യുന്നത്.

**ഞായർ** **മാർച്ച് 4**

**ക്രിസ്തു എന്ന കേന്ദ്രം**

വേദപുസ്തകത്തിന്റെ കേന്ദ്ര കഥാപാത്രം യേശുവാണ് (യോഹ. 5:39). നാം നമ്മെ കാണേണ്ടത് അവനുമായുള്ള ബന്ധത്തിലായിരിക്കണം. പാപത്തിന്റെ പിഴ അവൻ അടച്ചു തീർക്കുകയും 'അനേകർക്കു മറുവില'യായിത്തീരുകയും ചെയ്തു. (മർക്കോ. 10 :45) ആകാശത്തിലും ഭൂമിയിലും സകല അധികാരവും യേശുവിനുണ്ട്. (മത്താ. 28:18). സകലതും അവന്റെ കൈകളിൽ ഇരിക്കുന്നു (യോഹ.13:3). അവന്റെ നാമം സകല നാമത്തിനും മേലായത്, ഒരുനാളിൽ സകല മുഴങ്കാലും അവന്റെ മുൻപിൽ മടങ്ങും (ഫിലി. 2:9-11). "യേശു സകലത്തിന്റെയും ജീവനുള്ള കേന്ദ്രമാകുന്നു. EGW, Evangelism P. 186.

നമ്മുടെ കാര്യവിചാരകത്വത്തിന്റെ ഹൃദയവും നമ്മുടെ ശക്തിയുടെ ഉറവിടവും ക്രിസ്തുവാണ്. ജീവിതയോഗ്യമായ ഒരു ജീവിതം അവൻ മൂലം നാം രുചിക്കുന്നു. നമ്മുടെ ജീവിതങ്ങളുടെ കേന്ദ്ര ബിന്ദു അവനാണെന്ന് എല്ലാവരോടും വിശദീകരിക്കുന്നു. പൗലൊസ് തന്റെ ജീവിതത്തിൽ നിരവധി കഷ്ടങ്ങൾ സഹിച്ചു, എങ്കിലും ജീവിക്കുന്നതിന് അവന് ഒരു മുൻഗണനന മാത്രമേ ഉണ്ടായിരുന്നുള്ളൂ: "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു" (ഫിലി. 1:21).

വായിക്കുക: കൊലൊ. 1:16-18; റോമ. 8:21; 2 കൊരി. 5:17. നമുക്കുള്ള സകലത്തിന്റെയും കേന്ദ്രബിന്ദു യേശുവാണ് എന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറയുന്നു?

ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമാകുന്നില്ലെങ്കിൽ യഥാർത്ഥ കാര്യവിചാരകത്വം അസാധ്യമാണ് (ഗലാ. 2:20). ആ 'ഭാഗ്യകരമായ പ്രത്യാശയുടെ' കേന്ദ്രസ്ഥാനവും അവൻ തന്നെ (തീത്തൊ. 2:12). "അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിനും ആധാരമായിരിക്കുന്നു" (കൊലൊ. 1:17). അച്ചാണി ചക്രത്തിന്റെ കേന്ദ്രമായിരുന്നു ചരക്കു വണ്ടിയുടെ ഭാരത്തെ വഹിക്കുന്നതുപോലെ ക്രിസ്തു, കാര്യവിചാരകന്റെ ജീവിതത്തിന്റെ കേന്ദ്രമായിരിക്കുന്നു. ചക്രങ്ങളെ കറങ്ങുവാൻ അനുവദിച്ചുകൊണ്ട് ഉറപ്പുനൽകുന്ന സ്ഥൂലമായ അച്ചാണിയെപ്പോലെ യേശുവും നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ നിലനില്പിന് ഉറപ്പും ദൃഢതയും നൽകുന്നു (എബ്രാ. 13:8). അവന്റെ സ്വാധീനം നമ്മുടെ എല്ലാ ചിന്തയെയും പ്രവൃത്തിയെയും സ്പർശിക്കണം. കാര്യവിചാരകത്വത്തിന്റെ എല്ലാ വശങ്ങളും വട്ടത്തിൽ കറങ്ങി ക്രിസ്തുവാകുന്ന കേന്ദ്രത്തെ കണ്ടെത്തുന്നു.

"എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല" (യോഹ. 15:5). കാര്യവിചാരകത്വത്തിന്റെ കേന്ദ്രം വെറും പൊള്ളയായ ഒരു ശൂന്യതയല്ല, ജീവിക്കുന്ന ക്രിസ്തു എന്ന യാഥാർത്ഥ്യമാണ്. നമ്മുടെ സ്വഭാവങ്ങളെ രൂപപ്പെടുത്തുവാനായി ഇപ്പോൾ മുതൽ നിത്യതവരെ അവൻ തമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

യേശുക്രിസ്തു നമ്മുടെ ജീവിതത്തിന്റെ ആധാരമാണെന്നു പറയുന്നതും അവൻ ജീവിക്കുന്നതുപോലെ ജീവിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. യേശുനിങ്ങളിൽ ജീവിക്കുന്നുണ്ട് എന്നു നിങ്ങൾക്കെങ്ങനെ ഉറപ്പാക്കുവാൻ കഴിയും? നിങ്ങളിൽ വസിക്കാം എന്നവൻ വാഗ്ദാനം ചെയ്തിരിക്കുന്നു, നിങ്ങൾ അനുവദിക്കുമോ?

**തിങ്കൾ** **മാർച്ച് 5**

**സമാഗമന കൂടാര ഉപദേശം**

കാര്യവിചാരകത്വത്തിന്റെ ബന്ധത്തിൽ ആരും സാധാരണ സമാഗമനകൂടാരത്തെക്കുറിച്ച് ചിന്തിക്കാറില്ല. സമാഗമനകൂടാരം നമ്മുടെ വിശ്വാസത്തിൽ നിർണ്ണായകമായതിനാലും കാര്യവിചാരകത്വം ആ സംവിധാനത്തിന്റെ ഭാഗമാകയാലും ഇവ തമ്മിൽ ബന്ധമുണ്ട്. "സ്വർഗ്ഗീയ കൂടാരത്തിലുള്ള ക്രിസ്തുവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ശരിയായ ഗ്രാഹ്യം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്." EGW, Evangelism P. 221. ഈ വേദപുസ്തക ധാരണയുടെ പ്രകാശത്തിൽ കാര്യവിചാരകത്വത്തിന്റെ ധർമ്മത്തെ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

1 രാജാ. 7:33 ൽ നാം ഒരു രഥചക്രത്തെക്കുറിച്ചു വായിക്കുന്നു. കൂടാര ഉപദേശത്തെ രഥചക്രത്തിന്റെ കുടം എന്ന നിലയിൽ നമുക്ക് മനസ്സിലാക്കാം. കുടം അച്ചാണിയുമായി ബന്ധിച്ചിരിക്കുന്നു. കറങ്ങുമ്പോൾ അത് ചക്രത്തിനു കൂടുതൽ സ്ഥിരത നൽകുന്നു. മരണത്തിലൂടെയും വിജയകരമായ പുനരുത്ഥാനത്തിലൂടെയും കടന്നുപോയ ക്രിസ്തു തന്റെ മരണത്താൽ കൂടാര ശുശ്രൂഷയ്ക്ക് അടിസ്ഥാനമിടുകയും നമ്മുടെ വിശ്വസത്തിന്റെ ഉറപ്പു നൽകുകയും ചെയ്തു (2 തിമൊ. 1:10; എബ്രാ. 6:19–20). ഭൂമിയിലായിരിക്കുന്ന നമുക്കായി സ്വർഗീയ കൂടാരത്തിൽനിന്ന് അവൻ ശുശ്രൂഷ ചെയ്യുന്നു (എബ്രാ. 8:1–2 കാണുക).

"വേദപുസ്തകത്തിന്റെ അപ്രമാദിത്വ തത്വത്തിൽ വിശ്വസിക്കുന്ന തിരുവചന പുനരാഗമന പ്രസ്ഥാനം അതിന്റെ ഉപദേശ സംവിധാനത്തെ പണിയുന്നത് കൂടാര ഉപദേശത്തിന്റെ പൊതുവായ കഴാചപ്പാടിൽ നിന്നാണ്". Secular Adventism? P. 104-105.

യേശുവിന്റെ കൂടാര ശുശ്രൂഷയെക്കുറിച്ചു ഈ വാകൃങ്ങൾ എന്ത് പറയുന്നു? 1 യോഹ. 2:1; എബ്രാ.4:14–16; വെളി. 14:7.

സമാഗമനകൂടാരത്തെ കുറിക്കുന്ന ഉപദേശം ക്രിസ്തീയ ദൈവ ശാസ്ത്രത്തിന്റെ കാതലായ രക്ഷയുടെയും വീണ്ടെടുപ്പിന്റെയും മഹത്തായ സത്യത്തെ വെളിവാക്കുവാൻ സഹായിക്കുന്നു. അവിടെ നാം കാണുന്നത് നമുക്ക് വേണ്ടിയുള്ള ക്രിസ്തുവിന്റെ മരണം മാത്രമല്ല, പിന്നെയോ, സ്വർഗ്ഗീയ കൂടാരത്തിലുള്ള അവന്റെ ശുശ്രൂഷയും കൂടെയാണ്. അന്ത്യന്യായവിധിയുടെ യാഥാർത്ഥ്യവും ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ പ്രാധാന്യവും നാം അതിപരിശുദ്ധ സ്ഥലത്തു കാണുന്നു. ഇതിന്റെയെല്ലാം മധ്യത്തിലാണ്, ചൊരിയപ്പെട്ട യേശുവിന്റെ രക്തത്താൽ നമുക്കായി ലഭ്യമാക്കിത്തന്ന, വീണ്ടെടുപ്പിന്റെ വാഗ്ദത്തമുള്ളതു.

കൂടാര ഉപദേശത്തിൽ വെളിപ്പെടുത്തുന്ന രക്ഷ എന്ന മഹാസത്യത്തിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു ജീവിതത്തെയാണ് കാര്യവിചാരകത്വം പ്രതിഫലിപ്പിക്കുന്നത്. ക്രിസ്തു നമുക്ക് വേണ്ടി എന്ത് ചെയ്തു? എന്ത് ചെയ്യുന്നു എന്നീ കാര്യങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുമ്പോൾ നാം ക്രിസ്തുവിനോടും, അവന്റെ ശുശ്രൂഷയോടും ദൗത്യത്തോടും ഉപദേശത്തോടും കാര്യവിചാരകത്വത്തിന്റെ തത്വങ്ങളെ ജീവിച്ചു കാണിക്കുന്നവരോടുള്ള അവന്റെ ഉദ്ദേശത്തോടും കൂടുതൽ അടുക്കും.

**വായിക്കുക:** എബ്രാ. 4:14–16. പാപം, സ്വാർത്ഥത, അഹം എന്നിവയുമായുള്ള നമ്മുടെ പോരാട്ടത്തെക്കുറിച്ച് ഇവിടെ എന്ത് കാണുന്നു? നമുക്കായുള്ള ഈ വാഗ്ദത്തങ്ങളിൽനിന്നും എങ്ങനെ ശക്തിയും പ്രത്യാശയും ശേഖരിക്കാം?

**ചൊവ്വ** **മർച്ച് 6**

**ക്രിസ്തു കേന്ദ്രീകൃത വിശ്വാസപ്രമാണങ്ങൾ**

രക്ഷയുടെ സത്യത്തെ ശക്തമായി അവതരിപ്പിച്ചിരിക്കുകയും ക്രൂശിന്റെ അർത്ഥം വെളിവാക്കുകയും ചെയ്കയാൽ സമാഗമനകൂടാരം വളരെ പ്രാധാന്യ

മർഹിക്കുന്നു. നമ്മുടെ വിശ്വാസപ്രമാണങ്ങൾ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ തീർച്ചയായും രക്ഷയോടും സുവിശേഷ വാഗ്ദത്തത്തോടും യോജിക്കണം. ചക്രത്തിന്റെ അഴി എന്നപോലെ വിശ്വാസത്താലുള്ള രക്ഷ എന്ന മഹാ സത്യത്തിൽ നിന്നും വരുന്നവയായിരിക്കണം മറ്റുള്ള ഉപദേശങ്ങൾ.

"പാപപരിഹാരത്തിനായുള്ള ക്രിസ്തുവിന്റെ യാഗം എന്ന വലിയ സത്യത്തിന്റെ ചുറ്റുമായാണ് മറ്റെല്ലാ സത്യങ്ങളും ചുറ്റപ്പെട്ടിരിക്കുന്നത്... രക്ഷകന്റെ ഉൽക്കൃഷ്ടമായ യാഗത്തെക്കുറിച്ചു പഠിക്കുന്നവർ കൃപയിലും ജ്ഞാനത്തിലും വളർച്ച പ്രാപിക്കും". EGW, Comments SDABC Vol. 5 P. 1137.

യേഹന്നാൻ 14:6 ൽ യേശു തന്നെക്കുറിച്ചു "സത്യം" എന്ന് പരമാർശിക്കുന്നതിന്റെ അർത്ഥം എന്ത്? യോഹ 17:17 മായി താരതമ്യം ചെയ്യുക. സത്യത്തെ നാം എന്താണ് ചെയ്യേണ്ടത്? (3 യോഹ. 3)

നാം എന്തായിരിക്കുന്നു, ഏതു മാർഗ്ഗത്തിൽ ചരിക്കുന്നു എന്നിവയെ നമ്മുടെ വിശ്വാസപ്രമാണങ്ങൾ സ്വാധീനിക്കുന്നു. വിശ്വാസപ്രമാണങ്ങൾ വെറും അനുരൂപവും ദൈവശാസ്ത്രപരവുമായ ആശയങ്ങളല്ല; ശരിയായ വിശ്വാസപ്രമാണങ്ങളെല്ലാം ക്രിസ്തുവിൽ അധിഷ്ഠിതമാണ്. അവയെല്ലാം വിവിധ നിലകളിൽ നമ്മുടെ ജീവിത ശൈലിയെ ശക്തമായി സ്വാധീനിക്കുന്നു. സെവന്ത് ഡെ അഡ്വന്റിസ്റ്റുകാരായ നമ്മുടെ വ്യക്തിത്വം മറ്റെന്തിനെക്കാളും ഉപരി നമ്മുടെ വിശ്വാസപ്രമാണങ്ങളിൽ വേരൂന്നി യിരിക്കുന്നു എന്ന് നമുക്ക് ന്യായമായും പറയാവുന്നതാണ്. വചനത്തിൽ നിന്നും ഉത്ഭവിച്ചിരിക്കുന്ന ഈ ഉപദേശങ്ങളാണ് സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരായ നമ്മെ നാമാക്കി മാറ്റുന്നത്.

ക്രിസ്തുവിൽ എന്നപ്പോലെ വിശ്വാസ സത്യങ്ങളിലും ജീവിക്കുക എന്നതാണ് കാര്യവിചാരകത്വത്തിന്റെ ധർമ്മം. അങ്ങനെ ചെയ്യുന്നത് നമ്മുടെ ജീവിതത്തിന്റെ നിലവാരത്തെ തീർച്ചയായും ഉയർത്തും. "ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്. മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയമനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനു രൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ" (എഫെ. 4:21-24).

സത്യം അറിയുക മാത്രമല്ല അതിൽ ജീവിക്കുക എന്നാൽ എന്ത് എന്നത് നാം ഈ വേദഭാഗത്തു കാണുന്നു. കാര്യവിചാരകൻ എന്നാൽ കുറെ ഉപദേശങ്ങളിൽ- അവ എത്ര സത്യമായിരുന്നാലും - വിശ്വസിക്കുക എന്നതല്ല, ആ ഉപദേശങ്ങളെ നമ്മുടെ ജീവിതങ്ങളിലും മറ്റുള്ളവരുമായുള്ള ബന്ധത്തിലും പ്രായോഗികമാക്കുന്ന വനാണ് കാര്യവിചാരകൻ.

**ബുധൻ** **മാർച്ച് 7**

**മൂന്നു ദൂതന്മാരുടെ ദൂതുകൾ**

വരുവാൻപോകുന്ന നാശത്തെക്കുറിച്ചു രണ്ടു പ്രാവശ്യം മാത്രമേ ദൈവം ലോകത്തിനു മുന്നറിയിപ്പ് കൊടുത്തിട്ടുള്ളൂ; ഒരിക്കൽ നോഹയിലൂടെയും പിന്നീട്

മൂന്ന് ദൂതന്മാരുടെ ദൂതുകളിലൂടെയും (ഉല്പ. 6: 13–18; വെളി. 14:6–12) വരുവാനിരിക്കുന്ന ലോക സംഭവങ്ങളിലേക്കുള്ള അതുല്യമായ കാഴ്ചപ്പാടുകളെ വെളിവാക്കുന്നതിനായുള്ള തിരശ്ശീലയെ ഈ ദൂതുകൾ ഉയർത്തുന്നു. ഈ ദൂതുകളെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യം കാലാനുസൃതമായി വളർച്ച പ്രാപിച്ചിട്ടുണ്ട് എങ്കിലും ക്രിസ്തു വിശ്വാസത്താലുള്ള നീതീകരണം എന്നതാണ് ഈ ദൂതും അതിന്റെ ദൗത്യവും – വിശേഷാൽ ത്രിവിധ ദൂതുകൾ EGW, Evangelism P. 190. ലോകത്തോട് പ്രസംഗിക്കുവാനായി ദൈവം നമ്മെ ഏല്പിച്ച ഈ ദൂതുകളുടെ മധ്യത്തിൽ യേശുവും നമുക്കായുള്ള അവന്റെ യാഗവും നില്ക്കുന്നു.

വെളി. 14:6–12 വായിക്കുക: ഈ ദൂതുകളുടെ ഉള്ളടക്കം എന്താണ്? എന്താണ് അവർ ലോകത്തോട് പറയുന്നത്? ഈ ദൂതുകളുമായി ബന്ധപ്പെട്ടു നമുക്കുള്ള ഉത്തരവാദിത്വങ്ങൾ എന്തെല്ലാം? കാര്യവിചാരകത്വം അതിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

ക്രിസ്തുവിന്റെ രണ്ടാം വരവിനു വേണ്ടിയുള്ള ഒരുക്കത്തിന്റെ ഭാഗമായി ഈ ദൂതുകളെ അവതരിപ്പിക്കുക എന്നതാണ് സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരായ നമ്മുടെ ദൗത്യം. നിത്യതയ്ക്കായി ഒരു തീരുമാനമെടുക്കുവാൻ മനുഷ്യർക്കു സാധിക്കണം. ഈ ദൗത്യത്തിൽ ദൈവത്തോടൊപ്പം പങ്കാളിയാകുക എന്നതാണ് കാര്യവിചാരകത്വം (2 കൊരി. 5:20; 6:1–4).

“സെവന്ത് ഡേ അഡ്വന്റിസ്റ്റുകാർ ലോകത്തിന്റെ പാറാവുകാരും പ്രകാശവാഹകരുമാണ്. നശിച്ചുപോകുന്ന ലോകത്തിനായുള്ള അവസാന മുന്നറിയിപ്പ് അവരെ ഭരമേല്പിച്ചിരിക്കുന്നു. ദൈവവചനത്തിൽനിന്നുള്ള അത്ഭുത വെളിച്ചം അവരിൽ വിളങ്ങുന്നു, ഒന്ന്, രണ്ട്, മൂന്ന് എന്നീ ദൂതന്മാരുടെ പരിപാവനവും പരമപ്രധാനവുമായ ദൂതുകളെ വിളംബരം ചെയ്യുക എന്ന ഒരു വേല ദൈവം അവർക്കു നൽകിയിരിക്കുന്നു. ഇതിനെക്കാൾ പ്രധാനമായ മറ്റൊരു ജോലിയും ഈ ലോകത്തിൽ ഇല്ല. മറ്റു യാതൊന്നും അവരുടെ ശ്രദ്ധയെ നശിപ്പിക്കുവാൻ അവർ അനുവദിക്കരുത്” EGW, Testimonies Vol. 9 P. 19.

ഒരു ചക്രത്തിന്റെ അരിക് ഭൂമിയെ സ്പർശിക്കാറായിരിക്കുന്നു. അത് ത്രിവിധ ദൂതുകളുടെ ദൗത്യത്തെ പ്രതിനിധാനം ചെയ്യുന്നു.

ദൈവശാസ്ത്രപരമായ ഒഴുക്കിൽനിന്നും സംരക്ഷിക്കുകയും അന്ത്യകാല സംഭവങ്ങളിൽ നമുക്കുള്ള ഉത്തരവാദിത്വങ്ങളെ തിരിച്ചറിയുവാൻ സഹായിക്കുകയും ചെയ്യുന്നതാണ് അവരുടെ നിയോഗം. ലോകത്തിൽ പ്രഘോഷിക്കപ്പെടുന്ന ഈ ദൂതുകളുടെ കാര്യസ്ഥരായിരിക്കേണ്ടവരാണ് നാം.

അന്ത്യകാലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തീയതികളിലും പട്ടികകളിലും കണ്ണുടക്കി പോകുവാൻ വളരെ എളുപ്പമാണ്. അവയ്ക്ക് അവയുടെ ധർമ്മങ്ങളുണ്ട്. എന്നാൽ ഈ ദൂത് ലോകത്തിൽ പ്രസംഗിക്കുന്നവരായ നാം യേശുവിനെയും അവന്റെ യാഗത്തെയും പ്രഥമ സ്ഥാനത്തും കേന്ദ്ര സ്ഥാനത്തും നിർത്തുമോ?

## കാര്യവിചാരകത്വം

നാം വിശുദ്ധരായി ജീവിക്കണം എന്ന് യേശു ആഗ്രഹിക്കുന്നു. അവന്റെ ജീവിതം ശുദ്ധീകരണത്തിന്റെയും ആത്യന്തികമായ കാര്യവിചാരകത്വത്തിന്റെയും ഉദാഹരണമാണ് (എബ്രാ. 9:14). യഹോവയ്ക്ക് പ്രസാദകരമാകുംവിധം നാം നമ്മുടെ ജീവിതങ്ങളെയും നമ്മിൽ ഭരമേല്പിക്കപ്പെട്ടിട്ടുള്ള വസ്തുക്കളെയും പരിപാലിക്കണം. അങ്ങനെയുള്ള വിശുദ്ധിയുടെ പ്രകടനമാണ് കാര്യവിചാരകത്വം.

താരതമ്യം ചെയ്യുക: 1 പത്രൊ. 1:15–16; എബ്രാ. 12:14. "വിശുദ്ധരായിരിപ്പിൻ" "ശുദ്ധീകരണം" എന്നിവയുടെ അർത്ഥം എന്താണ്? നമ്മുടെ കാര്യവിചാരകത്വവുമായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

അരികുകൾക്കു ചുറ്റും ഇരുമ്പു പട്ട കെട്ടുകയാണെങ്കിൽ രഥചക്രങ്ങൾ കൂടുതൽ ഈടു നിൽക്കും എന്ന് റോമാക്കാർ കണ്ടുപിടിച്ചു. അരികുകളിലൂടെ തെന്നിച്ചു ചക്രത്തിൽ കയറ്റുവാനുതകുംവിധം ശിൽപികൾ ലോഹത്തെ ചൂടാക്കി വികസിപ്പിച്ചു. തണുത്ത വെള്ളം കൊണ്ട് അതിനെ ചുരുക്കി ചക്രത്തിൽ ഉറപ്പിച്ചു. ചക്രം തിരിയുമ്പോഴൊക്കെ ഭൂമിയിൽ സ്പർശിച്ചിരുന്നത് ഇരുമ്പു പട്ടയാണ്.

ചക്രത്തിന്റെ അരികിലുള്ള ഇരുമ്പു പട്ട കാര്യവിചാരകത്വത്തെ പ്രതിനിധീകരിക്കുന്നു. നമ്മുടെ ആത്മീയ ജീവിതങ്ങൾ പ്രായോഗിക ജീവിതങ്ങളുമായി ഉരസുന്ന യഥാർത്ഥ നിമിഷമാണിത്. വിജയപരാജയങ്ങളിലൂടെ ജീവിതത്തിന്റെ ഉയർച്ച താഴ്ചകളെ നമ്മുടെ വിശ്വാസം കണ്ടുമുട്ടുന്നത് ഇവിടെയാണ്. കുത്തഴിഞ്ഞതും മത്സരം നിറഞ്ഞതുമായ ദൈനംദിന ജീവിതത്തിൽനിന്നും വിശ്വാസ യാഥാർത്ഥ്യത്തിലേക്കുള്ള ഒരു വളർച്ചയാണത്. നാം ആരാണ് എന്ത് ചെയ്യുന്നു എന്നിവയുടെ പുറം ചട്ടയാണ് കാര്യ വിചാരകത്വം. നമ്മുടെ പെരുമാറ്റത്തിന്റെയും നന്നായി പരിപാലിക്കപ്പെടുന്ന ജീവിതത്തിന്റെയും സാക്ഷിയാണത്. ക്രിസ്തുവിനെ വെളിവാക്കുന്ന നമ്മുടെ ദൈനം ദിന പ്രവൃത്തികൾ ഭൂമിയിൽ സ്പർശിക്കുന്ന ഇരുമ്പു പട്ടയ്ക്കു തുല്യമാണ്.

പ്രവർത്തികൾക്ക് ശക്തിയുണ്ട്. ക്രിസ്തുവിനോടുള്ള നമ്മുടെ സമർപ്പണത്താൽ അവ നിയന്ത്രിക്കപ്പെടണം. നാം ജീവിക്കണ്ടത് "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 4:13). എന്ന വാഗ്ദത്തത്തിന്റെ ഉറപ്പിന്മേലാണ്.

"ക്രിസ്തുവിന്റെ പ്രകൃതത്തെ മനുഷ്യരിൽ പ്രവേശിപ്പിക്കുന്ന പ്രകിയയാണ് പരിശുദ്ധാത്മ പ്രവർത്തനത്താൽ നടക്കുന്ന ആത്മാവിന്റെ ശുദ്ധീകരണം. ജീവനും ഓജസ്സുമുള്ള തത്വമായി, ജീവിതത്തിൽ ക്രിസ്തു എന്നതാണ് സുവിശേഷ മതം. സ്വഭാവങ്ങളിൽ വെളിപ്പെടുകയും നന്മ പ്രവൃത്തികളിൽ മെനയപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിന്റെ കൃപയാണത്. പ്രായോഗിക ജീവിതത്തിന്റെ ഒരു തലത്തിൽ നിന്നും വേർപെടുത്തുവാനാകാത്തവയാണ് സുവിശേഷ തത്വങ്ങൾ. ക്രിസ്തീയ അനുഭവത്തിന്റെ പ്രതിരൂപമാണ്" EGW, COL, P. 384.

ദിനംതോറുമുള്ള നിങ്ങളുടെ ജീവിതത്തെയും നിലനില്പിനെയും കുറിച്ച് ചിന്തിക്കുക. ക്രിസ്തു നിങ്ങളിലുണ്ട്, നിങ്ങളിൽ പ്രവർത്തിക്കുന്നു, നിങ്ങളെ പുതു സൃഷ്ടിയാക്കുന്നു എന്നീ സത്യങ്ങൾ ജീവിതത്തിലെ എന്തിലൂടെയാണ് വെളി വാക്കുന്നത്? അവന്റെ വിശുദ്ധിയെ നിങ്ങളിൽ വെളിപ്പെടുവാനായി ബോധപൂർവ്വ മായ എന്ത് തിരഞ്ഞെടുപ്പാണ് നിങ്ങൾ നടത്തേണ്ടത്?

**വെള്ളി** **മാർച്ച് 9**

**കൂടുതൽ ചിന്തയ്ക്ക്:** തുടർച്ചയായുള്ള ഉപയോഗം മൂലം ഉണ്ടാകുന്ന ക്ഷതങ്ങളെ അതിജീവിക്കുവാൻ ചിലപ്പോഴൊക്കെ രഥചക്രങ്ങളിലെ ഇരുമ്പ് പട്ടകൾ പുനഃക്രമീ കരിക്കേണ്ടി വരുമായിരുന്നു. ഈ പുനഃക്രമീകരണത്തിനായി നിരവധി പ്രഹരങ്ങളും ചുറ്റിക കൊണ്ടുള്ള ഇടികളുമൊക്കെ പട്ടകളിന്മേൽ ചെയ്യേണ്ടിയിരുന്നു. ഇതാണ് കാര്യവിചാരകത്വത്തിന്റെ പ്രയോഗിക വിശുദ്ധീകരണ പ്രക്രിയ. ജീവിത ത്തിന്റെ ചെറുതും വലുതുമായ കാര്യങ്ങളോട് പ്രതികരിക്കുമ്പോൾ ക്രിസ്തുവിന്റെ മനസ്സുണ്ടാകുക എന്നതാണ് അവിടെ ആവശ്യം. ബുദ്ധിമുട്ടും വേദനയും ഉണ്ടാകു മ്പോഴും ക്രിസ്തുവിന്റെ മനസ്സിലൂടെ അവയെ കാണുക എന്നതാണത്. പണവു മായുള്ള ബന്ധത്തിലായാലും കുടുംബ ബന്ധങ്ങളിലായാലും, ജോലി സ്ഥലത്തുള്ള പ്രശ്നങ്ങളായാലും - എല്ലാറ്റിനോടും ക്രിസ്തുവിന്റെ ഇഷ്ടത്തിനനുസരണമായ പ്രതികരണമായിരിക്കണം നമ്മിൽനിന്നും ഉണ്ടാകേണ്ടത്. നമുക്ക് നന്നായി അറിയാ വുന്നതുപോലെ, ഈ ഗുണപാഠം നമുക്ക് കഷ്ടതകളിൽക്കൂടെ മാത്രമേ പഠിക്കു വാൻ ആകുകയുള്ളൂ.

ഇരുമ്പിനെ പുനഃക്രമീകരിക്കുവാൻ എളുപ്പമല്ല. മനുഷ്യസ്വഭാവത്തെയും പുനഃക്രമീകരിക്കുക എളുപ്പമല്ല. പത്രൊസിന്റെ അനുഭവം ചിന്തിയ്ക്കുക, അവൻ ക്രിസ്തുവിനോടൊപ്പം ആയിരുന്നു. എന്നാൽ “ഞാനോ നിന്റെ വിശ്വാസം പൊയ് പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക” (ലൂക്കൊ. 22:32) എന്ന് യേശു അവനോടു പറയും എന്നവൻ പ്രതീക്ഷിച്ചില്ല. അധികം താമസിയാതെ, യേശുവിനെ തള്ളി പറഞ്ഞശേഷം, പത്രൊസിന്റെ ജീവിതത്തിനൊരു മാറ്റമുണ്ടായി.

വളരെ വേദനാജനകവും ബുദ്ധിമുട്ടേറിയതുമായ ഒരു അനുഭവത്തിനുശേഷ മായിരുന്നു ആ മാറ്റം ഉണ്ടായത്. ഒരു വിധത്തിൽ പറഞ്ഞാൽ തന്റെ കാര്യവിചാര കത്വം പുനഃക്രമീകരിക്കപ്പെട്ടു. പത്രൊസ് പുതു സൃഷ്ടിയായിത്തീർന്നു. അവന്റെ ജീവിതം പുതിയ ദിശയിലേക്കു തിരിഞ്ഞു. എന്നാൽ ഇതിനു മുൻപിലായി നല്ല കുറെ മർദ്ദനങ്ങൾ അവന് ലഭിച്ചു.

**ചർച്ച ചെയ്യുക:**

1. “തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുക്കുക’ എന്ന യേശുവിന്റെ വാക്കുകൾ പ്രായോഗിക വിശുദ്ധീകരണത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (ലൂക്കൊ. 9:23). എന്താണ് ക്രുശിക്കപ്പെട്ടത്? (ഗലാ. 6:14). ഇത് വിശുദ്ധീകരണ പ്രക്രിയയെ എങ്ങനെ വിശദമാക്കുന്നു? ദൈവത്തെപ്പോലെ ചിന്തിക്കുവാൻ പ്രയോഗിക വിശുദ്ധീകരണം നമ്മെ എങ്ങനെ സഹായിക്കുന്നു? (1 കൊരി. 2:16).

2. ക്രിസ്തീയ ജീവിതത്തിലും കർത്താവിനെ പിൻപറ്റുന്നതിലും വേദനാജനകമായ ശോധനകൾ ശക്തിയേറിയ പാഠങ്ങളെ പഠിപ്പിക്കും എന്നതിൽ നിങ്ങളുടെ അനുഭവം എന്താണ്? താല്പര്യമുള്ളവർ അങ്ങനെയുള്ള അനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുക. മറ്റുള്ളവരുടെ അനുഭവങ്ങളിൽനിന്നും നമുക്ക് എന്താണ് പഠിക്കുവാനുള്ളത്?

3. സെവന്ത് ഡേ അഡ്വന്റിസ്റ്റികാരായ നമ്മുടെ മറ്റുള്ള വിശ്വാസ പ്രമാണങ്ങളെക്കുറിച്ച് ചിന്തിക്കുക; ശബ്ബത്ത്, മരണത്തിനുശേഷം മനുഷ്യന്റെ അവസ്ഥ, സൃഷ്ടിപ്പ്, രണ്ടാം വരവ് തുടങ്ങിയവ. വിവിധങ്ങളായ ഈ വിശ്വാസങ്ങൾ പൊതുവെയുള്ള നമ്മുടെ ജീവിതത്തെ എപ്രകാരം സ്വാധീനിക്കുന്നു?

ꕥ ꕥ ꕥ ꕥ